# റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് രാവിലെ നിയമസഭ സമ്മേളിച്ചു കൊണ്ടിരുന്നപ്പോൾ ഗ്യാലറിയിൽ ഉണ്ടായ സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രമേയം അവതരിപ്പിക്കുന്നതാണ്.

## സന്ദർശക ഗ്യാലറിയിൽ ബഹളം ഉണ്ടാക്കിയത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്ന് നിയമസഭയിൽ ചോദ്യോത്തരവേള നടന്നുകൊണ്ടിരുന്ന സമയത്ത് കെ. സതീശൻ എന്നയാൾ സ്പീക്കേഴ്സ് ഗ്യാലറിയിൽനിന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ അലങ്കോലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത വ്യക്തിയെ വാച്ച് ആന്റ് വാർഡ് ഉടൻതന്നെ കസ്റ്റഡിയിൽ എടുക്കുകയുണ്ടായി. കക്ഷിനേതാക്കന്മാരുടെ യോഗം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. കെ. സതീശന്റെ പ്രവൃത്തി സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

സഭാ നടപടികൾ അലങ്കോലപ്പെടുത്തുക വഴി ശ്രീ. കെ. സതീശൻ സഭയെ അവഹേളിക്കുകയും സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനവുമാണ്

നടത്തിയിട്ടുള്ളത്. ഇത് ഗുരുതരമായ കുറ്റമാണ്. ആയതിനാൽ മേൽപ്പടി കുറ്റം ചെയ്ത ശ്രീ. കെ. സതീശൻ എന്ന വ്യക്തിയെ ഇന്ന് സഭ പിരിയുന്നതുവരെ വെറും തടവിന് ശിക്ഷിക്കാൻ ഈ സഭ തീരുമാനിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സഭാനേതാവ് അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ ഐക്യകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

## സന്ദർശക ഗ്യാലറിയിൽ ബഹളം ഉണ്ടാക്കിയത് സംബന്ധിച്ചും സി.ഡി പരിശോധന സംബന്ധിച്ചും

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ ഗ്യാലറിയിൽ നിന്നും മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ അലങ്കോലപ്പെടുത്തുന്നതിനുള്ള ശ്രമം 1995-നുശേഷം ഇത് ആദ്യമായിട്ടാണ് ഉണ്ടാകുന്നത്. ബഹുമാനപ്പെട്ട അംഗങ്ങളുടെ

ശുപാർശയുടെ അടിസ്ഥാനത്തിലാണ് സന്ദർശക ഗ്യാലറിയിലേയ്ക്ക് പ്രവേശനം അനുവദിക്കുന്നത്. സന്ദർശക ഗ്യാലറി പ്രതിഷേധത്തിനുള്ള വേദി ആക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കാൻ സാധിക്കുകയില്ല. ഗ്യാലറി പ്രവേശനത്തിനുള്ള ശുപാർശ നൽകുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് ചെയർ നിർദ്ദേശിക്കുന്നു. ഇവിടെ പരാമർശിച്ച പേര് മാധ്യമങ്ങളോ ചാനലുകളോ ഒരു തരത്തിലും പ്രസിദ്ധീകരിക്കരുത് എന്നുകൂടി ചെയർ റൂളിംഗ് നൽകുന്നു.

ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ, കോടിയേരി ബാലകൃഷ്ണൻ 1-ാം തീയതി സഭ സമ്മേളിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് സി.ഡി. മേശപ്പുറത്ത് വയ്ക്കാൻ ശ്രമിക്കുകയുണ്ടായി. പക്ഷെ നമ്മുടെ സഭാ ചട്ടം അനുസരിച്ച് ഒരു ഡോക്യുമെന്റ് മേശപ്പുറത്ത് വയ്ക്കണമെന്നുണ്ടെങ്കിൽ മുൻകൂട്ടി ചെയറിന് അത് നൽകണം. ചെയർ അത് പരിശോധിച്ച് അനുവാദം നൽകിയാൽ മാത്രമേ അത്തരത്തിൽ ഒരു ഡോക്യുമെന്റ് മേശപ്പുറത്ത് വയ്ക്കാവൂ. പക്ഷെ അത് ചെയറിനെ മുൻകൂട്ടി അറിയിക്കുകയോ പരിശോധിക്കാൻ അവസരം കിട്ടാതെ വരികയോ ചെയ്തതുകൊണ്ടാണ് മിനിഞ്ഞാന്ന് അനുവദിക്കാതിരുന്നത്. ചെയർ അത് ശ്രദ്ധയിൽപ്പെടുത്തി. ഇന്നലെ അദ്ദേഹം

രേഖാമൂലം എഴുതി രണ്ടു സി.ഡി. കളുമായി എന്നെ ഏൽപ്പിക്കുകയുമുണ്ടായി. ഞാൻ വളരെ വ്യക്തമായി അത് രണ്ടെണ്ണവും പരിശോധിച്ചു, മുഴുവനും കണ്ടുകഴിഞ്ഞു. ഒരു കാര്യം വ്യക്തമാക്കട്ടെ, ചാനലുകളിൽ വന്നതല്ലാതെ ഒരു കാര്യവും കൂടുതലായി അതിലില്ല. ഒന്ന്, കൈരളി പീപ്പിൾ ചാനൽ പ്രസിദ്ധീകരിച്ച ഒരു അഭിമുഖം. അത് ഡയറക്ടായിട്ടുമല്ല ആ സി.ഡി.യിൽ പിടിച്ചിട്ടുള്ളത്. ടെലിവിഷൻ ചാനലിൽ സംപ്രേഷണം ചെയ്തതിൽ നിന്നാണ് അത് പിടിച്ചെടുത്തിരിക്കുന്നത്. മാതൃഭൂമി ചാനലിൽ കേരള കോൺഗ്രസ് നേതാവ് ശ്രീ. ആന്റണി രാജു ഉൾപ്പെടെയുള്ള നേതാക്കന്മാർ നടത്തിയ ചർച്ച അതേപടി പിടിച്ചെടുത്തതാണ് ഒരു സി.ഡി. അതിൽ വന്നിരിക്കുന്ന മറ്റൊരു കാര്യം, അസോസിയേഷൻ സമ്മേളനത്തിൽ നടന്ന ഒളി ക്യാമറ വച്ച സംഭവം, അത് മാധ്യങ്ങൾ ദിവസങ്ങളോളം കാണിച്ചതാണ്. ഇവ മൂന്നുമല്ലാതെ ഇതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യവും സി.ഡി.യിലില്ല എന്നുള്ളത് ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയാണ്. അതിനെ സംബന്ധിക്കുന്ന റൂളിംഗ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കെതിരെയുള്ള സുപ്രധാന തെളിവുകൾ ഉൾക്കൊള്ളുന്ന രണ്ട് കോംപാക്ട് ഡിസ്കുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് അനുവദിക്കണമെന്ന് 02.12.2014- ലെ ഒരു കത്തിലൂടെ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അഭ്യർത്ഥിച്ചിരിക്കുന്നു. കോംപാക്റ്റ് ഡിസ്കിന്റെ കോപ്പി ചെയറിന്റെ പരിശോധനയ്ക്കായി നിയമസഭാ അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം 6 (എ) പ്രകാരം ചെയറിന് നൽകിയിരുന്നു. ചെയർ പ്രസ്തുത സിഡികൾ കണ്ടു, പരിശോധിച്ചു. കൈരളി, ഏഷ്യാനെറ്റ്, മാതൃഭൂമി തുടങ്ങിയ ദൃശ്യ-മാധ്യമങ്ങളിൽ ഈ വിഷയം സംബന്ധിച്ച് വന്ന വാർത്തകളും ചർച്ചകളും ഒളിക്യാമറ ദൃശ്യങ്ങളുമാണ് പ്രസ്തുത സിഡിയിലുള്ളത്. ഇതിനകം തന്നെ ദൃശ്യ-മാധ്യമങ്ങളിൽ പല പ്രാവശ്യം പ്രക്ഷേപണം ചെയ്ത് ജനങ്ങൾ കണ്ട ദൃശ്യങ്ങൾ മാത്രമാണ് ഇതിലുള്ളത്. ഇതിനകം തന്നെ പുറത്തുവന്നതിൽ കൂടുതൽ രേഖകൾ ഒന്നും പ്രസ്തുത സിഡിയിൽ ഇല്ല. ഈ സാഹചര്യത്തിൽ ഇത് മേശപ്പുറത്ത് വയ്ക്കേണ്ട ആവശ്യമില്ല എന്നതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണന് അതിനുള്ള അനുമതി നിഷേധിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇലക്ട്രോണിക് മീഡിയയിൽ വന്നിട്ടുള്ള ഇതുപോലുള്ള കാര്യങ്ങളെ തെളിവായി സ്വീകരിച്ചുകൊണ്ട് മറ്റൊരു പ്രൂഫിന് വിധേയമാകാതെ കേസെടുക്കാമെന്ന് ഇന്ത്യൻ എവിഡൻസ് ആക്റ്റിന്റെ 65 (b) അനുശാസിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ .......

<u>ശ്രീ. പി. കെ ബഷീർ</u>: സർ, ഇന്ത്യൻ എവിഡൻസ് ആക്ടിൽ 65(b) എന്നൊരു വകുപ്പില്ല..

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പട്ട അംഗം, ഇത് പറയാൻ അങ്ങ് നിയമജ്ഞനൊന്നുമല്ലല്ലോ; നിയമജ്ഞന്മാർ പറയട്ടെ. അങ്ങനെയാണെങ്കിൽ ശക്ധർ & കൗളിനെ വിളിക്കൂ. ശ്രീ. പി. കെ. ബഷീറിൽ നിന്നും നിയമം പഠിച്ചാൽ ശരിയാകുമോ; അല്ലെങ്കിൽ മാണിസാർ പറയട്ടെ. 65(b) അനുസരിച്ച് നടപടി സ്വീകരിക്കാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തയ്യാറായില്ല. എൽ.ഡി.എഫിന്റെ ഭരണകാലത്ത് ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ ഒരു ടെലിവിഷൻ ചാനലിൽ വന്നതിനെ അടിസ്ഥാനമാക്കി അന്ന് കേസ് രജിസ്റ്റർ ചെയ്യുകയും FIR ഇട്ട് അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്യാത്തതുകൊണ്ടാണ് ഇതുസംബന്ധിച്ച സി.ഡി. ഞാൻ ഹാജരാക്കിയത്. അത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറണം. അവർ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. അവർ അത് സ്വീകരിക്കാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട ചെയറിന്റെ മുമ്പിൽ ഞാൻ അത് അവതരിപ്പിക്കാൻ കാരണം. അങ്ങ് ഇവിടെ അവതരിപ്പിക്കാൻ അനുവാദം തന്നില്ലെങ്കിൽ ഞാൻ നിയമാനുസൃതമായ മറ്റു നടപടികൾ സ്വീകരിക്കും

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇന്ത്യൻ എവിഡൻസ് ആക്ടിന്റെ ഒരു വിശദീകരണം ഇവിടെ നൽകുകയുണ്ടായി. ഇലക്ട്രോണിക് മീഡിയയിൽ ഒരു തെളിവ് വന്നുകഴിഞ്ഞാൽ, ആ ഇലക്ട്രോണിക് മീഡിയ തെളിവായി സ്വീകരിക്കാമോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ചാണ് കോടതി വിധിയുണ്ടായത്. ഇലക്ട്രോണിക് മീഡിയ ഇല്ലാതിരുന്ന കാലത്ത് ഫോട്ടോ എങ്ങനെ സ്വീകരിക്കണം എന്നുള്ളതിനെ സംബന്ധിച്ച് ഇന്ത്യൻ എവിഡൻസ് ആക്ടിൽ പരാമർശമുണ്ട്. എന്നാൽ ഇലക്ട്രോണിക് മീഡിയയെക്കുറിച്ചുള്ള പരാമർശം ഇല്ലാത്ത സാഹചര്യത്തിൽ അത് സ്വീകരിക്കാമോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് കോടതി പരിശോധിച്ച് ഇലക്ട്രോണിക് മീഡിയയിൽ ഒരു കേസിനെ സംബന്ധിച്ചിടത്തോളം സബ്സ്റ്റാൻഷ്യലായിട്ടുള്ള തെളിവുണ്ടെങ്കിൽ ആ തെളിവ് സ്വീകരിക്കാമെന്നാണ് പറഞ്ഞത്. അല്ലാതെ ഇലക്ട്രോണിക് മീഡിയയിൽ വന്നുവെന്നുള്ളതുകൊണ്ട് അത് തെളിവായി സ്വീകരിക്കണമെന്നല്ല പറഞ്ഞത്. ഇലക്ട്രോണിക് മീഡിയയിൽ വരുന്ന കാര്യങ്ങളും തെളിവായി സ്വീകരിക്കാമെന്നല്ലാതെ ഇലക്ട്രോണിക് മീഡിയയിൽ വന്നുവെന്നുള്ളതുകൊണ്ട് തെളിവായി സ്വീകരിക്കണം എന്നല്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഇന്ത്യൻ എവിഡൻസ് ആക്ടിന്റെ 65(b) ഒരു

ഭേദഗതിയായി വന്നതാണ്. നേരത്തേ അത് ഇല്ലായിരുന്നു. ഇതിൽ പറയുന്നത് " Notwithstanding anything contained in this Act, any information contained in an electronic record, which is printed on a paper, stored, recorded or copied in optical or magnetic media, produced by a computer (hereinafter referred to as the computer output) shall be deemed to be also a document, if the conditions mentioned in this section are satisfied in relation to the information and computer in question and shall be admissible in any proceedings, without further proof or production of the original, as evidence of any contents of the original or any facts stated therein of which direct evidence would be admissible" എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താവുന്നതാണ്. ഈ വകുപ്പ് അനുസരിച്ചാണ് ഇലക്ട്രോണിക് മീഡിയയിൽ വന്ന ഒരു പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. എം. മണിക്കെതിരായി നിങ്ങൾ എഫ്.ഐ.ആർ. ഇട്ടത്. അതുപോലെ ഈ കാര്യത്തിലും എഫ്.ഐ.ആർ. ഇട്ട് അന്വേഷണം നടത്താൻ ആവശ്യമായ തെളിവുകളാണ് ഞാൻ ഇവിടെ സമർപ്പിച്ച ഈ റെക്കോർഡ്. ബഹുമാനപ്പെട്ട ചെയർ ഇത് അനുവദിക്കാത്തുകൊണ്ട്

നിയമനാസൃതമായി ചെയ്യാൻ പറ്റുന്ന മറ്റ് നടപടി സ്വീകരിച്ചുകൊള്ളാം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, അനുസംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഇവിടെ ഡിസ്കസ് ചെയ്തു. സുപ്രീം കോടതി വിധി ഇവിടെ ഉദ്ധരിച്ചു. അതിൽ ലേറ്റസ്റ്റായിട്ടുള്ളത്, ശ്രീ. പി. കെ. ബഷീറിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസിൽ ഇലക്ട്രോണിക് മീഡിയയിൽ വരുന്ന കാര്യങ്ങൾ മുഴുവൻ എവിഡൻസായി സ്വീകരിക്കാൻ പാടില്ല എന്ന് വിധിയുണ്ടായിട്ടുണ്ട്. ഇലക്ഷന് ജയിച്ചതങ്ങനെയാണ്. മറ്റൊരുകാര്യം എനിക്ക് പറയാനുള്ളത്, കേസെടുക്കാൻ പറ്റുമോ ഇല്ലയോ എന്നുള്ളതാണോ സ്പീക്കർ നൽകിയ റൂളിംഗിന്റെ വിശദീകരണമാണോ നിയമസഭ ചർച്ച ചെയ്യേണ്ടത് എന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതു തന്നെയാണ് ഞാനും പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് രണ്ടും രണ്ടാണ്. ഒന്ന് ഇൻവെസ്റ്റിഗേഷൻ സ്റ്റേജ് രണ്ടാമത്തേത് എവിഡൻസ് സ്റ്റേജ്. ഇൻവെസ്റ്റിഗേഷൻ സ്റ്റേജിൽ തെളിവ് കൊടുക്കേണ്ടത് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുടെ മുമ്പിലാണ്, നിയമസഭയിലല്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത് എവിഡൻസ് എടുക്കുന്ന സമയത്താണ് നൽകേണ്ടത്. കോടതിയിൽ എവിഡൻസ്

എടുക്കുന്ന സമയത്ത് അവിടെ എക്സിബിറ്റായിട്ടാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറയുന്ന സിഡി കൊടുക്കേണ്ടത്. അത് എവിഡൻസ് ആക്ടിന്റെ അടിസ്ഥാനത്തിലാണ്. ഇൻവെസ്റ്റിഗേഷനും എവിഡൻസും രണ്ടാണ്. ഇവിടെ ഇൻവെസ്റ്റിഗേഷൻ സ്റ്റേജാണ് അതുകൊണ്ട് ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ മുമ്പിൽത്തന്നെ കൊടുക്കണം, വേറെ ആർക്കും അത് സ്വീകരിക്കാൻ അധികാരമില്ല. കൊഗ്നിസിബിൾ ഒഫൻസ് എടുക്കേണ്ടത് ഒരു പോലീസ് ഓഫീസറാണ്. നമ്മുടെ കൈവശം ഒരു എവിഡൻസ് ഉണ്ടെങ്കിൽ അത് ആ പർട്ടിക്കുലർ ഓഫീസർക്ക് കൊടുക്കാം. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കയ്യിൽ എന്തെങ്കിലും തെളിവുണ്ടെങ്കിൽ അദ്ദേഹം അത് കൊടുക്കേണ്ടത് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്കാണ്. ഇത് എവിഡൻസ് എടുക്കുന്ന കാര്യത്തെ കുറിച്ചാണ്. കോടതി വിധിയും എവിഡൻസ് ആക്ടിലെ 65(b) എന്നുപറയുന്നതും രണ്ടും എവിഡൻസ് എടുക്കുന്ന സമയമാണ്. അതും ഇതുമായി ഒരു ബന്ധവുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ പറഞ്ഞ റൂളിംഗ് കറക്ടാണെന്നാണ് എന്റെ നിഗമനം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ശരിയാണ്. ഇത് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്കുതന്നെയാണ്

നിയമാനുസൃതമായി കൊടുക്കേണ്ടത്. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ നടപടിയെടുക്കാത്തതുകൊണ്ടാണ് നിയമസഭാ സാമാജികനെന്ന നിലയിലുള്ള എന്റെ അധികാരമുപയോഗിച്ച് ഇത് ഇവിടെ സമർപ്പിക്കാൻ തയ്യാറായത്. ഇവിടെ ഇത് സ്വീകരിക്കാത്തതുകൊണ്ട് ഞാൻ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്ക് തന്നെ ഹാജരാക്കും. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ ശ്രീ. എം. എം. മണിക്കെതിരായിട്ടുള്ള കേസ് രജിസ്റ്റർ ചെയ്തത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതും ഇതുമായി വ്യത്യാസമുണ്ട്. എം. എം. മണിയുടേത് ഒരു കൺഫെഷൻ സ്റ്റേറ്റ്മെന്റാണ്. ഞാൻ ഇന്നതൊക്കെ ചെയ്തിട്ടുണ്ട് എന്ന് പറയുന്ന ആ കൺഫെഷൻ സ്റ്റേറ്റ്മെന്റിന്റെ പുറത്തുണ്ടായ കേസാണത്. ഇത് രണ്ടും രണ്ടാണ്. ....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...... പ്ലീസ്...... എല്ലാവരും ഇരിക്കണം. ഇത് ഇങ്ങനെ നീട്ടിക്കൊണ്ടു പോകേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ദയവ് ചെയ്ത് ഇരിക്കണം, ചെയർ ഒരു കാര്യം പറയട്ടെ. ....(ബഹളം)..... ചെയറിനെ പറയാൻ അനുവദിക്കണം.

ഒന്ന്, ചെയർ ഒരു റൂളിംഗ് നൽകി. ആ റൂളിംഗിനെ ചോദ്യം ചെയ്യുന്നത് ശരിയല്ല. അതിനെപ്പറ്റി ഒരു ചർച്ച നടത്തുന്നതും ശരിയല്ല. രണ്ടാമത്തെ കാര്യം,

ഞാൻ വളരെ വ്യക്തമായി ഇവിടെ പറഞ്ഞതാണ്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ ആ സി.ഡി. മുഴുവൻ ഞാൻ കണ്ടു. നമ്മൾ ചാനലിലൂടെ ദിവസങ്ങളോളം കണ്ടുകൊണ്ടിരുന്ന ചർച്ചയല്ലാതെ ഒരു കാര്യവും അതിലില്ല. അതുകൊണ്ടാണ് അനുവാദം തരാത്തത്. മൂന്നാമത്തെ കാര്യം, എഫ്.ഐ.ആർ എടുക്കുന്നതിന് ആധികാരികമായ രേഖയായി സ്വീകരിക്കണമെന്നുണ്ടെങ്കിൽ അത് നിയമസഭയിലല്ല തരേണ്ടത് അന്വേഷിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ കയ്യിലാണ്. ഈ കാരണങ്ങളാലാണ് ഇത് സഭയിൽ വയ്ക്കാൻ അനുവദിക്കാത്തത്. ഇതുസംബന്ധിച്ച് ഇനിയൊരു ചർച്ച അനുവദിക്കുകയില്ല. ചെയർ അടുത്ത അജണ്ടയിലേയ്ക്ക് കടക്കുന്നു.